കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – അറ്റന്റർ തസ്തികയിലെ ജീവനക്കാരുടെ ശമ്പള അനോമലിയുടെ സാമ്പത്തികാനുകൂല്യ പ്രാബല്യ തീയതി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു -

ഉത്തരവ് നം: എസ്റ്റാ -സി 3/22179/2015/കോ.വി. തീയതി : 04.04.2016

പരാമർശം :-
1) 21.06.2014-ലെ 15846/എഫ്.1/ഉ.വി.വ നമ്പർ സർക്കാർ കത്ത്.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 25.10.2014, 29.11.2014, 11.02.2015, 27.03.2015, 23.09.2014, 20.02.2016 എന്നീ തീയതികളിലെ സി.3/54042/2011/കോ.വി.വ നമ്പർ ഉത്തരവുകൾ.
3) ഈ കാര്യാലയത്തിൽ നിന്നുള്ള 19.12.2015-ലെ സി.3/42023/ 2014/കോ.വി.വ നമ്പർ ഉത്തരവ്.
4) വിവിധ അറ്റന്റർമാരുടെ അപേക്ഷകൾ.
5) 11.12.2015-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്.
6) 15.03.2016-ലെ എഫ്.1/106/2015/ഉ.വി.വ. നമ്പർ കത്ത്.

ഉത്തരവ്

ഈ വകുപ്പിൽ അറ്റന്റർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കിടയിൽ ഉണ്ടായിരുന്ന സീനിയർ ജൂനിയർ അനോമലി പരാമർശം (1) സർക്കാർ സ്പഷ്ടീകരണം മുഖേന ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം പരിഹരിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവുകൾ പ്രകാരം യഥാക്രമം 01.09.2011, 01.11.2011 എന്നീ തീയതികൾ പ്രാബല്യത്തിൽ സീനിയർ ആയിട്ടുള്ള ജീവനക്കാരുടെ ശമ്പളം സ്റ്റെപ്പ് അപ്പ് ചെയ്തു നൽകിയിരുന്നുവെങ്കിലും സാമ്പത്തിനാനുകൂല്യം സൂചന (1) സർക്കാർ സ്പഷ്ടീകരണ കത്തിന്റെ തീയതിയായ 21.06.2014 മുതൽ മാത്രമേ നൽകിയിരുന്നുള്ളൂ. എന്നാൽ അനോമലി പരിഹരിക്കപ്പെട്ടിട്ടുള്ള തീയതി പ്രാബല്യത്തിൽ സാമ്പത്തികാനുകൂല്യം നൽകണമെന്ന് അഭ്യർത്ഥിച്ച് നിരവധി അറ്റന്റർമാർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൻ പ്രകാരം ഈ വിഷയത്തിൽ സർക്കാർ സ്പഷ്ടീകരണം തേടുകയും, സർക്കാർ പരാമർശം (6) കത്ത് പ്രകാരം സീനിയോഴ്സിന് ശമ്പളത്തിൽ സ്റ്റെപ്പ് അപ്പ് അനുവദിച്ച തീയതി പ്രാബല്യത്തിൽ സാമ്പത്തികാനുകൂല്യം അനുവദിക്കാം എന്ന് സ്പഷ്ടീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ കാര്യാലയത്തിൽ നിന്നും 25.10.2014, 29.11.2014, 11.02.2015, 27.03.2015, 23.09.2015 എന്നീ തീയതികളിലെ സി.3/54042/2011/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരവും 19.12.2015-ലെ സി.3/42023/2014/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരവും അനോമലി പരിഹരിച്ച് സീനിയോഴ്സിന് ശമ്പളം സ്റ്റെപ്പ് അപ്പ് ചെയ്ത് നൽകിയിട്ടുള്ള 01.09.2011 തീയതി പ്രാബല്യത്തിൽ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുള്ളതായും, പ്രസ്തുത ഉത്തരവുകളിലെ സാമ്പത്തികാനുകൂല്യ പ്രാബല്യ തീയതി 21.06.2014 എന്നത് 01.09.2011 ആയും പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

ഈ കാര്യാലയത്തിൽ നിന്നുള്ള 20.02.2016-ലെ സി.3/54042/2011/കോ.വി.വ നമ്പർ പ്രകാരം സീനിയർ-ജൂനിയർ ശമ്പള അനോമലി പരിഹരിച്ചും കൊണ്ടുള്ള ഉത്തരവിലെ സാമ്പത്തികാനുകൂല്യ പ്രാബല്യ തീയതി 21.06.2014 എന്നത് 01.11.2011 എന്നും പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
വി.വിലാസചന്ദ്രൻ നായർ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
2. ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. ഫയൽ നമ്പർ.സി.3/54042/2011.
4. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി.04.04.2016